ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) ഗ്യാസ് ഉപഭോഗം വർദ്ധിച്ചു വരുന്നതിനനുസരിച്ച് ഗ്യാസിന്റെ ലഭ്യത വർദ്ധിപ്പിച്ചിട്ടില്ലെന്നാണ് ഭൂരിഭാഗം ജില്ലാ സപ്ലൈ ഓഫീസർമാരും റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗ്യാസ് ഔട്ട്ലെറ്റുകളിൽ ആവശ്യമനുസരിച്ച് ഗ്യാസ് ലഭിക്കുന്നുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇപ്പോൾ 4 വിതരണ കേന്ദ്രങ്ങൾ ഉണ്ട്. പുതുതായി വിതരണകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) ഓയിൽ കമ്പനികൾ പുതിയ വിതരണകേന്ദ്രങ്ങൾ അനുവദിച്ച് നൽകിയാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതിയ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

*26 [73] *ശ്രീ. എ. സി. മൊയ്തീൻ:*
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം തടയുന്നതിന് ഭക്ഷ്യ സാധനങ്ങൾക്ക് സബ്സിഡി നൽകുവാൻ തയ്യാറാകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) ക്രമാതീതമായി വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലൂടെ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്തു വരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 869 മാവേലി സ്റ്റോറുകൾ, 155 ലാഭ മാർക്കറ്റുകൾ, 20 സപ്ലൈകോ ശബരി സൂപ്പർ മാർക്കറ്റുകൾ, 20 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ പൊതു കമ്പോളത്തിലെ വിലയേക്കാൾ 10% മുതൽ 15% വരെ വില കുറച്ച് ഗുണമേൻമ ഉറപ്പു വരുത്തി അവശ്യ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ തിരഞ്ഞെടുക്കപ്പെട്ട 824-ഓളം റേഷൻ കടകൾ മുഖാന്തിരം നടത്തുന്ന ശബരി സ്റ്റോഴ്സിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന സാധനങ്ങൾ ഗ്രാമാന്തരങ്ങളിൽ എത്തിച്ച് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നു. ഇവയ്ക്ക് പുറമെ, ഉത്സവകാലങ്ങളിലും മറ്റ് അടിയന്തിര സാഹചര്യങ്ങളിലും വിലക്കയറ്റത്തെ നേരിടുന്നതിന് സപ്ലൈകോ വിപണിയിൽ ശക്തമായ ഇടപെടൽ നടത്തി വരുന്നു.

(സി) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടില്ല. വിലക്കയറ്റം തടയുന്നതിനായി സർക്കാർ സബ്സിഡിയുടെ സഹായത്തോടെ സപ്ലൈകോ ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തി വരുന്നു.

ടൂറിസ്റ്റുകളെ ആയുർവേദത്തിന്റെ പേരിൽ കബളിപ്പിക്കുന്നത് തടയുവാൻ നടപടി

*27 [74] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
„ *ജോസഫ് എം. പുതുശ്ശേരി:*
„ *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസവുമായി ബന്ധപ്പെടുത്തി ആയുർവേദ മസാജ് നടത്തുന്നവർക്കെതിരെ വിദേശികൾ ഉൾപ്പെടെയുള്ളവർ പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ടൂറിസ്റ്റുകളെ ആയുർവേദത്തിന്റെ പേരിൽ കബളിപ്പിക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആയുർവേദ ചികിത്സ താൽപര്യപ്പെടുന്ന ടൂറിസ്റ്റുകൾക്ക് പ്രസ്തുത മേഖലയിൽ നിശ്ചിത യോഗ്യത ഉള്ളവരുടെ സേവനം നൽകുവാൻ വേണ്ട സംവിധാനം സർക്കാർ ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly